File Ref.No.15314/GA - IV - E2/2023/Admn

# UNIVERSITY OF CALICUT


**Abstract**

ജനറൽ ആൻഡ് അക്കാഡമിക് IV ബ്രാഞ്ച് - ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അറ്റൻഡൻസിൽ ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട് മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയര് പേഴ്സണിന്റെ അപേക്ഷയിൽ , 13 .04 .2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിര ഇനം നമ്പർ 2023 .383 * പ്രകാരമുള്ള തീരുമാനം- സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവാക്കുന്നു.


---

**G & A - IV - E**

U.O.No. 7734/2023/Admn　　　　Dated, Calicut University.P.O, 09.05.2023

---

*Read:*-1. 02 .03 .2023 തീയതിയിലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട് മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയര് പേഴ്സണിന്റെ കത്ത്

2. 13 .04 .2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിര ഇനം നമ്പർ 2023 .383 *

3. 03 .05 .2023 തിയതി പ്രസ്തുത ഫയലിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ് .

## ORDER

സൂചന (1) പ്രകാരം, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അറ്റെൻഡൻസിൽ ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിപ്പാർട് മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർ ചെയര് പേഴ്സണിന്റെ കത്തിൽ ഇപ്രകാരം അറിയിച്ചു

നിലവിൽ വളരെ ചുരുക്കം ക്യാമ്പസുകളിൽ മാത്രമാണ് ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾ ഉപരി പഠനത്തിനായി കടന്നു വരുന്നത്. പല തരത്തിലുള്ള പ്രശ്നങ്ങൾ ഇത്തരം വിദ്യാർത്ഥികൾ നേരിടേണ്ടി വരുന്നുണ്ട്. ലിംഗ മാറ്റ ശസ്ത്രക്രിയ, ഹോർമോൺ ട്രീറ്റ്മെൻറ്, മറ്റു ചികിത്സകൾ തുടങ്ങി പല കാര്യങ്ങളും ഇത്തരം വിദ്യാർത്ഥികൾ പഠനത്തിനോടൊപ്പം മുന്നോട്ട് കൊണ്ട് പോകുന്നുണ്ട്. ആയതിനാൽ ട്രാൻസ്ജിൻഡർ വിദ്യാർത്ഥികൾക്ക് അറ്റെൻഡൻസിൽ ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെടുന്നു .

സൂചന (2 ) പ്രകാരം 13.04.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം, ട്രാൻസ്ജിൻഡർ വിദ്യാർത്ഥികൾക്ക് അറ്റെൻഡൻസിൽ ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഡിപ്പാർട് മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയര് പേഴ്സണിന്റെ അപേക്ഷ അടിയന്തിര ഇനം നമ്പർ 2023. 383 * ആയി പരിഗണിക്കുകയും, **സർവകലാശാലയിലെ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹാജർ പരിധിക്ക് 2 % ഇളവ് നൽകികൊണ്ട് പ്രത്യേക അവധി നൽകാൻ തീരുമാനിച്ചു.**

സൂചന (3) പ്രകാരം, ബഹു.സർവകലാശാല വൈസ് ചാൻസലർ, 13.04.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിര ഇനം നമ്പർ 2023. 383* പ്രകാരമുള്ള തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കാൻ ഉത്തരവാക്കി.

ആയതിനാൽ 13.04.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിര ഇനം നമ്പർ 2023. 383 * പ്രകാരമുള്ള തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവാക്കുന്നു .

Ajitha P.P

Joint Registrar

To

1 കൺട്രോളർ ഓഫ് എക്സാമിനേഷൻസ് , പരീക്ഷ ഭവൻ

2 ബ്രാഞ്ച് മേധാവികൾ -പരീക്ഷ ഭവൻ / ഡിപ്പാർട്ട്മെന്റ് /സെന്റർ

3 പ്രിൻസിപ്പൽ -അഫിലിയേറ്റഡ് കോളേജുകൾ

4 ജി എ IV സി സെക്ഷൻ

പകർപ്പ് :സി ഇ യുടെ പി എ / വി സി യുടെ പി എസ് /പി വി സി യുടെ പി എ /രജിസ്ട്രാറുടെ പി എ /എസ് എഫ് /ഡി എഫ് /എഫ് സി .

Forwarded / By Order

Section Officer